അദ്ധ്യായം നൂറ്റി നാല്

## അൽഹുമസ (കുത്തിപ്പറയുന്നവൻ)

അവതരണം മക്കയിൽ, വചനങ്ങൾ 9

**അദ്ധ്യായ പരിചയം:**
അജ്ഞാനകാലത്ത് മക്കയിലുണ്ടായിരുന്ന ധനാഢ്യരുടെ സ്വഭാവദൂഷ്യമാണ് ഈ അദ്ധ്യായം പ്രതിപാദിക്കുന്നത്. അതിലൂടെ അത്തരം സ്വഭാവത്തിൻെറ പരലോകപരിണതി എന്തായിരിക്കുമെന്നും അത് എത്തരത്തിലുള്ള ശിക്ഷയായിരിക്കും നേടിത്തരികയെന്നും ലോകത്തെ ബോധ്യപ്പെടുത്തുകയാണ് ഈ അദ്ധ്യായം ചെയ്യുന്നത്.

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ

وَيْلٌ لِّكُلِّ هُمَزَةٍ لُّمَزَةٍ ﴿١﴾ ٱلَّذِى جَمَعَ مَالًا وَعَدَّدَهُۥ ﴿٢﴾ يَحْسَبُ أَنَّ مَالَهُۥٓ
أَخْلَدَهُۥ ﴿٣﴾ كَلَّا ۖ لَيُنۢبَذَنَّ فِى ٱلْحُطَمَةِ ﴿٤﴾ وَمَآ أَدْرَىٰكَ مَا ٱلْحُطَمَةُ ﴿٥﴾
نَارُ ٱللَّهِ ٱلْمُوقَدَةُ ﴿٦﴾ ٱلَّتِى تَطَّلِعُ عَلَى ٱلْأَفْـِٔدَةِ ﴿٧﴾ إِنَّهَا عَلَيْهِم مُّؤْصَدَةٌ
﴿٨﴾ فِى عَمَدٍ مُّمَدَّدَةٍۭ ﴿٩﴾

**അർഥം:**

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ

1. കുത്തിപ്പറയുന്നവരും അധിക്ഷേപിക്കുന്നവരുമായ ഏവർക്കും നാശം.
2. ധനം കുന്നുകൂട്ടുകയും അത് എണ്ണി കണക്കാക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്നവന്.
3. തൻെറ ധനം തന്നെ അനശ്വരനാക്കുമെന്ന് അവൻ കരുതുന്നു.
4. സംശയം വേണ്ട, അവൻ ഹുത്വമയിൽ എറിയപ്പെടുകതന്നെ ചെയ്യും.
5. ഹുത്വമ എന്തെന്ന് നിനക്കെന്തറിയാം?
6. അല്ലാഹുവിൻെറ ജ്വലിപ്പിക്കപ്പെട്ട തീയാണത്.
7. ഹൃദയങ്ങളിലേക്ക് കത്തിപ്പടരുന്നതത്രെ അത്.
8. തീർച്ചയായും അത് അവർക്കു മീതെ അടച്ച് മൂടപ്പെട്ടിരിക്കും,
9. നാട്ടിനിർത്തിയ സ്തംഭങ്ങളിൽ.

**വിശദീകരണം.**
അഖ്നസുബ്നു ശരീഖ് എന്ന ആളെ സംബന്ധിച്ചാണ് ഈ അദ്ധ്യായം അവതരിച്ചത്. ആളുകളുടെ അഭിമാനം ക്ഷതപ്പെടുത്തുന്ന രീതിയിൽ അവരെ പരിഹസിക്കുകയും അവരുടെ കുറ്റവും ന്യൂനതകളും പറഞ്ഞു പ്രയാസപ്പെടുത്തുകയുമായിരുന്നു അയാളുടെ ജോലി. ഈ സംഭവം എടുത്തുദ്ധരിച്ച് വിശ്വാസികളോട് പറയുന്നു:

ആളുകളെ പരിഹസിക്കുന്നതിനു വേണ്ടി കുത്തുവാക്കുകളും പരദൂഷണവും ആക്ഷേപശകാരങ്ങളും അവരെ തമ്മിൽ തെറ്റിക്കാനുള്ള കുതന്ത്രങ്ങളുമായി നടക്കുന്നവർക്കാണ് കടുത്ത ശിക്ഷ ലഭിക്കുക. അതോടൊപ്പം ധനത്തിൽനിന്ന് മനുഷ്യരുടെയോ അല്ലാഹുവിൻെറ അവകാശങ്ങൾ നല്കാതെ അത് കെട്ടിപ്പൂട്ടി വെക്കുകയും എണ്ണിക്കണക്കാക്കുകയും ചെയ്യുന്നവരാണവർ. അവരാകട്ടെ തൻെറ സാമർഥ്യത്തിലൂടെ താനുണ്ടാക്കിയ ധനം തന്നെ ചിരഞ്ജീവിയാക്കുമെന്ന് ധരിക്കുകയും ചെയ്തിരുന്നു.

അത്തരം ആളുകളുടെ പരിണതി, അവരെ നിസ്സാരരായി കണക്കാക്കി നരകത്തിൽ എറിയുകയാണുണ്ടാവുക. ആ നരകം ആക്രമികളെ എറിഞ്ഞ ശേഷം അടച്ചുമൂടപ്പെടുന്നതായിരിക്കും. അതിലേക്ക് കാറ്റോ മറ്റോ പ്രവേശിക്കുന്നതല്ല. മാത്രവുമല്ല, അവരെ നരകതൂണുകളിൽ ബന്ധിക്കുന്നതുമായിരിക്കും.